1B5N21178 (Pages : 2) Reg. No:.........................

Name: .........................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2021**

**BML5B07 – Malayala Vyakaranam**

(2019 Admission onwards)

Time: 2 ½ hours Max. Marks: 80

SECTION – A

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. വിഭക്തിയെ കേരളപാണിനി നിർവ്വചിക്കുന്നതെങ്ങനെ ?
2. താലവ്യാദേശം എന്നാലെന്ത് ?
3. സങ്കീർണ്ണവാക്യം എന്തെന്ന് സോദാഹരണം വിശദമാക്കുക.
4. നാമധാതു എന്നാലെന്ത് ?
5. അനുപ്രയോഗം നിർവ്വചിക്കുക.
6. സംഹിതയും സന്ധിയും തമ്മിലുള്ള വ്യത്യാസം വെളിവാക്കുക.
7. നിഗീർണകർത്തൃകക്രിയ – കുറിപ്പെഴുതുക.
8. എരി + തീ = എരിതീ – ഇവിടെ ഇരട്ടിപ്പ് സംഭവിക്കാത്തതിനുള്ള കാരണമായി കേരളപാണിനി ചൂണ്ടിക്കാട്ടുന്നതെന്ത് ?
9. സമാസം എന്നാലെന്ത് ?
10. സ്വരവ്യഞ്ജനസന്ധി എന്തെന്ന് വ്യക്തമാക്കുക.
11. ആഖ്യ, ആഖ്യാതം – വിശദമാക്കുക.
12. "തടിയാമംഗമെന്നത് " – ഇതിലെ അംഗം എന്താണ് ?
13. അല്പപ്രസമാസം കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
14. തദ്വത് തദ്ധിതം – കുറിപ്പെഴുതുക.
15. ഇടനില എന്നാലെന്ത് ?

(15 x 2 = 30
പരമാവധി മാർക്ക് 25)

SECTION – B

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. വിനയെച്ചത്തിന്റെ അവാന്തരവിഭാഗങ്ങളെക്കുറിച്ച് എഴുതുക.
17. വിനാമക്രിയ എന്നാലെന്ത് ?
18. സവർണനം എന്നാലെന്ത് ? എത്രവിധം ? വിശദമാക്കുക.
19. "വർഗ്ഗ്യങ്ങൾ പരമായ് വന്നാൽ
അതാതിൻ പഞ്ചമം വരാം"
– സോദാഹരണം വിശദമാക്കുക.
20. വാക്യവിഭാഗങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വിശദമാക്കുക.

21. അകാരത്തിന്റെ ധ്വനിമൂല്യം കേരളപാണിനി നിർണയിച്ചിരിക്കുന്നതെങ്ങനെ ?

22. ഗതി, ഘടകം, വ്യാക്ഷേപകം നിർവ്വചിച്ചുദാഹരിക്കുക.

23. ഉച്ചാരണസ്ഥാനമനുസരിച്ച് മലയാളത്തിലെ വ്യഞ്ജനങ്ങളെ എങ്ങനെ വർഗ്ഗീകരിച്ചിരിക്കുന്നു ?

(5 x 8 = 40

പരമാവധി മാർക്ക് 35)

## SECTION - C

**ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. സമാസം എന്നാൽ എന്ത് ? എത്രവിധം ? ഉദാഹരണസഹിതം വിവരിക്കുക.

25. മലയാളത്തിലെ ക്രിയകളെ കേരളപാണിനി എങ്ങനെ വർഗ്ഗീകരിച്ചിരിക്കുന്നുവെന്ന് വിശദമാക്കുക.

26. ലീലാതിലകത്തിലേയും കേരളപാണിനിയത്തിലെയും സന്ധിനിയമങ്ങൾ താരതമ്യം ചെയ്യുക.

27. കേരളപാണിനിയുടെ ശബ്ദവിഭജനം വിമർശനാത്മകമായി പരിശോധിക്കുക.

(2 x 10 = 20)

1B5N21179 (Pages : 1) Reg. No:............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2021**

**BML5B08 – Paschathya Sahithya Sidhanthangal**

(20`9 Admission onwards)

Time: 2 ½ hours Max. Marks: 80

സെക്ഷൻ - എ

1 ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക. പരമാവധി 25 മാർക്ക്.

1. ദൃശ്യചമത്ക്കാരം (spectacle) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?
2. ലോംഗിനസ് പ്രാധാന്യം കൊടുക്കുന്ന അലങ്കാരങ്ങൾ ഏതെല്ലാം?
3. മിമെസിസ് (Mimesis) എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
4. ട്രാജഡിയിലെ മുഖ്യ ഘടകം ഏത് ?
5. കാവ്യഭാഷയെക്കുറിച്ചുള്ള വേർഡ്സ്വർത്തിന്റെ നിരീക്ഷണമെന്ത്?
6. ഭാവനയ്ക്ക് കോളറിഡ്ജ് നൽകുന്ന പ്രാധാന്യമെന്ത്?
7. വിജ്ഞാനികളെക്കുറിച്ച് ചർച്ച നടത്തുന്ന വിഡ്ഢികൾ എന്ന് ടോൾസ്റ്റോയ് വിശേഷിപ്പിക്കുന്നതാരെ?
8. ലാങ്ങ് എന്നാലെന്ത്?
9. ശൈലീവിജ്ഞാനത്തിന്റെ അന്വേഷണവിഷയമെന്ത്?
10. അപനിർമ്മാണസിദ്ധാന്തത്തിന് അടിസ്ഥാനമായ കൃതി ഏത് ?
11. വചനകേന്ദ്രിതവാദം എന്നാലെന്ത്?
12. ആന്ദ്രേബ്രട്ടൺ സർറിയലിസത്തെ നിർവചിക്കുന്നതെങ്ങനെ?
13. ഏത് തരത്തിലുള്ള ജ്ഞാനത്തെയാണ് മിസ്റ്റിക്കുകൾ പരിഗണിക്കുന്നത് ?
14. ഫ്യൂച്ചറിസ്റ്റുകളുടെ പ്രഖ്യാപനമെന്ത്?
15. അബോധമനസ്സിന്റെ വ്യാപാരത്തിലേക്ക് ഫ്രോയ്ഡ് എത്തി ചേർന്നതെങ്ങനെയാണ്?

**2 x 15 = 30** പരമാവധി 25 മാർക്ക്.

സെക്ഷൻ - ബി

II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക. പരമാവധി 35 മാർക്ക്.

16. കലാപാരമ്പര്യത്തെ നിഷേധിക്കാൻ പ്ലേറ്റോയെ പ്രേരിപ്പിച്ചതെന്ത് ?
17. ദുരന്തനാടകത്തെ അരിസ്റ്റോട്ടിൽ നിർവചിക്കുന്നതെങ്ങനെ?
18. ലോംഗിനസിന്റെ ഉദാത്തതയെക്കുറിച്ചുള്ള സങ്കല്പനങ്ങളെ പരിചയപ്പെടുത്തുക.
19. ലിറിക്കൽബാലഡ്സിന് വേർഡ്സ്വർത്ത് എഴുതിയ മുഖവുരയുടെ പ്രാധാന്യമെന്ത്?
20. കാവ്യസ്വഭാവത്തെക്കുറിച്ചുള്ള (Nature of poetry) കോൾറിഡ്ജിന്റെ നിരീക്ഷണമെന്ത്?
21. സർറിയലിസം എന്നാലെന്ത്?
22. എക്സിസ്റ്റൻഷ്യലിസത്തിന്റെ ദാർശനികാടിത്തറ വ്യക്തമാക്കുക
23. സൂചകം - സൂചിതം ഇവ എന്തെന്ന് വ്യക്തമാക്കുക.

**5 x 8 = 40** പരമാവധി 35 മാർക്ക്

സെക്ഷൻ സി.

III ഏതെങ്കിലും 2 ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

24. അനുകരണ സിദ്ധാന്തത്തെ പ്ലേറ്റോയും അരിസ്റ്റോട്ടിലും സമീപിക്കുന്നതെങ്ങനെ?
25. കാല്പനികതാസാഹിത്യവിമർശനത്തിന് വേർഡ്സ്വർത്തും കോളറിഡ്ജും നൽകിയ സംഭാവനകളെ വിലയിരുത്തുക
26. ഫ്യൂച്ചറിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ച് ഉപന്യസിക്കുക.
27. ഉത്തരഘടനാവാദ ചിന്തകളെ ക്രോഡീകരിക്കുക.

**2 x 10 = 20**

1B5N21180 (Pages : 2) Reg. No:…………………….....

Name: ………………………

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2021**

**BML5B09 – Malayala Sahithya Vimarshanam**

(2019 Admission onwards)

Time: 2 ½ hours Max. Marks: 80

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 15 = 30 ( പരമാവധി മാർക്ക് 25)]

1. "മനുഷ്യൻറെ കണ്ണ് മാനുഷികമായ കണ്ണുകളാണ്, അവ ചരിത്രപരമായി വികസിച്ച കണ്ണുകളാണ്" - ആരുടെ പരാമർശം?
2. കറുപ്പിന്റെ സൗന്ദര്യ ശാസ്ത്രം ആരുടെ കൃതിയാണ്?
3. സരസ്വതിവിജയം - ഇതിവൃത്ത പ്രതിപാദനം നടത്തുക?
4. നാരദൻ വാല്മീകിയെ മറ്റൊര് നാരദനാക്കി മാറ്റിയത് എങ്ങനെ?
5. പാരിസ്ഥിതിക കല എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
6. കേസരി എ. ബാലകൃഷ്ണപിള്ള സമൂഹത്തിലെ വിഷം തീനികൾ എന്ന് വിശേഷിപ്പിച്ചത് ആരെയാണ്?
7. സാഹിത്യ വിവാദങ്ങളിലൂടെ ആരുടെ കൃതിയാണ്?
8. ദ്വിതീയാക്ഷരപ്രാസവാദത്തിന് സാഹിത്യ ചരിത്രത്തിലുള്ള പ്രാധാന്യം എന്ത്?
9. 'ഈ ന്യൂനതയുടെ അഭാവമാണ് മാർത്താണ്ഡവർമ്മ' . ഇവിടെ ഏത് ന്യൂനതയെ കുറിച്ചാണ് ലേഖകൻ പരാമർശിച്ചിരിക്കുന്നത്?
10. കല ജീവിതം തന്നെ എന്ന വാദം അവതരിപ്പിച്ചതാര്?
11. മജീദും സുഹറയും ഏത് നോവലിലെ കഥാപാത്രങ്ങളാണ്? നോവൽ എഴുതിയത് ആര്?
12. ഡോ എം . ലീലാവതിയ്ക്ക് ഓടക്കുഴൽ അവാർഡിന് അർഹമായ കൃതിയേത്?
13. ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എന്ന കൃതി എഴുതിയത് ആര്?
14. ഖണ്ഡന വിമർശനം എന്നാൽ എന്ത്?
15. സാഹിത്യ പഞ്ചാനനൻ ആരുടെ തൂലിക നാമമാണ്?

ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക. [5 x 8 = 40 (പരമാവധി മാർക്ക് 35)]

16. ഭാരതത്തിലെ അർദ്ധനാരീശ്വര സങ്കല്പം ഒരു ഉഭയ ലിംഗ പ്രതീകം മാത്രമല്ല സന്തുലിത ദർശനത്തിന് ബിംബം കൂടിയാണ് വ്യക്തമാക്കുക?
17. സരസ്വതി വിജയത്തിലെ ഭാഷയെക്കുറിച്ച് ലഘുവിവരണം എഴുതുക?
18. നാരദൻ വാല്മീകിയെ മറ്റൊർ നാരദനാക്കി മാറ്റിയത് എങ്ങനെ?
19. ജീവത്സാഹിത്യത്തിന്റെ ഉല്പത്തിയെക്കുറിച്ച് വിവരിക്കുക.?
20. ഭാവനയിൽ ജയിച്ച ബാലനത്രേ 'മാമ്പഴ'ത്തിലെ നായകൻ! - ശരിയോ? സമർത്ഥിക്കുക.
21. എക്കോ ക്രിറ്റിസിസം - വിശദമാക്കുക?
22. എഴുത്തുകാരൻ സൃഷ്ടിയുടെ വേളയിൽ രണ്ടുതരം വ്യക്തിത്വം പ്രകടിപ്പിക്കുന്നു എന്ന് പറയുന്നതിന് കാരണം എന്ത്?
23. ഒരു ഗുഹാചിത്രം പ്രകൃതിയുടെ പ്രതികൂലതകളെ അനുകൂലമാക്കി തീർക്കുവാനുള്ള ഒരാഭിചാര പ്രവർത്തനത്തിന് സമാനമായ ഒരു സൗന്ദര്യ പ്രയോഗം ആണെന്ന് കെ. ഇ. എൻ.പറയുന്നത് എന്തുകൊണ്ട്?
24. കണ്ണാടിയും പുരുഷനും സ്ത്രീയുടെ ഒരേ രൂപഭാവങ്ങളെ പ്രതിഫലിപ്പിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നതിന്റെ പൊരുൾ എന്ത്?

ഏതെങ്കിലും രണ്ട് ചോദ്യങ്ങളെ കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക [2 x 10 = 20]

25. ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഭാഷയാണ് യഥാർത്ഥത്തിൽ സാംസ്കാരിക ജീർണത കെ പി അപ്പൻ തിരസ്കാരം എന്ന വിമർശനത്തെ മുൻനിർത്തി വിവരിക്കുക?
26. നാർസിസവും (ആത്മരതി ) മാതൃ രതിയും ( ഈഡിപ്പസ് കോംപ്ലക്സ്) സമ്മേളിക്കുന്ന കാവ്യമാണ് മാമ്പഴം - എം എൻ . വിജയന്റെ മാമ്പഴമെന്ന മന:ശാസ്ത്ര നിരൂപണത്തെ മുൻ നിർത്തി വിശദമാക്കുക.
27. മൂർത്തമായ സമരത്തെയും ഐക്യത്തെയും ചരിത്രമാണ് മനുഷ്യ ചരിത്രത്തെ നിർണയിക്കുന്നത് ബി. രാജീവിന്റെ അനുഭൂതിയുടെ ചരിത്രപരത എന്ന ലേഖനത്തെ അടിസ്ഥാനമാക്കി വിശദമാക്കുക?
28. ആശാന്റെ ചിന്താവിഷ്ടയായ സീതയിൽ സന്ദർഭാനൗചിത്യമുണ്ട് എന്ന വാദത്തെ ഡോ. സുകുമാർ അഴീക്കോട് ഖണ്ഡിക്കുന്നതെങ്ങനെ?

1B5N21181 (Pages : 2) Reg. No:……………………..

Name: ……………………..

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2021**

**BML5B10 – Nadodi Vinjaneeyam**

(2019 Admission onwards)

Time: 2 ½ hours Max. Marks: 80

**I ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക**

1. ഒരു ജനതയെക്കുറിച്ചുള്ള ശാസ്ത്രം എന്നതിലുപരി ഫോക്‌ലോർ പാരമ്പര്യജനതാശാസ്ത്രവും നാടൻഗാനങ്ങളുമാണെന്ന് അഭിപ്രായപ്പെട്ടതാര്?
2. മൃതഫോക്‌ലോർ എന്നാലെന്ത്?
3. 'കലേവാല'യുടെ പ്രത്യേകതയെന്ത്?
4. മോട്ടിഫിം എന്നാലെന്ത്?
5. അവചപുരാവൃത്തം എന്നാലെന്ത്?
6. ആഖ്യാനപരങ്ങളായ നാടൻപാട്ടുകൾ ഫോക്‌ലോറിൽ ഏതുപേരിലാണ് അറിയപ്പെടുന്നത്?
7. ഒരുക്കുശീലുകൾ എന്നാലെന്ത്?
8. തോറ്റംപാട്ടുകളുടെ സവിശേഷതയെന്ത്?
9. അറബി - മലയാള സാഹിത്യത്തിലെ പദ്യശാഖ അറിയപ്പെടുന്നത് ഏതു പേരിലാണ്?
10. നാടൻപാട്ടുകളുടെ രണ്ട് സവിശേഷതകൾ എഴുതുക
11. മാലപ്പാട്ടുകൾ എന്നാലെന്ത്?
12. പടയണിയിലുപയോഗിക്കുന്ന വാദ്യങ്ങൾ ഏതെല്ലാം?
13. കോയിമ്പട നായർ എന്ന കഥാപാത്രം പ്രത്യക്ഷപ്പെടുന്ന അനുഷ്ഠാന നാടകമേത്?
14. പാർസികാവ്യത്തിലെ പ്രണയകഥയെ ആധാരമാക്കി മോയിൻകുട്ടി വൈദ്യർ രചിച്ച കൃതിയേത്?
15. തെക്കൻപ്പാട്ടുകളുടെ ഭാഷാപരമായ സവിശേഷതയെന്ത്?

**15 x 2 = 30 (പരമാവധി മാർക്ക് 25)**

**II ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.**

16. സാമൂഹ്യ യാഥാർത്ഥ്യങ്ങളാണ് പഴഞ്ചൊല്ലിന്റെ ഉപകരണം എന്ന് പറയുന്നതെന്തുകൊണ്ട്? വിശദീകരിക്കുക.

17. കേരളീയ സമൂഹത്തിന്റെ ഒരു പഴയ ദശാസന്ധിയിലെ ആചാരങ്ങളും വിശ്വാസങ്ങളും ജീവിത രീതികളും ഊറിക്കിടക്കുന്ന വാങ്മയങ്ങളാണ് പുത്തൂരം പാട്ടുകൾ - ശരിയോ? സമർത്ഥിക്കുക.

18. കടങ്കഥകളുടെ സവിശേഷതകൾ പ്രതിപാദിക്കുക.

19. ലൗകിക കഥകൾ, അലൗകിക കഥകൾ - കുറിപ്പെഴുതുക.

20. ഐതിഹ്യത്തെ പുരാവൃത്തത്തിൽ നിന്നും വ്യതിരിക്തമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം?

21. മാപ്പിളപ്പാട്ട് രചിക്കപ്പെടുന്നതും അവതരിക്കപ്പെടുന്നതും വൈയക്തികമായ ആസ്വാദനം ലക്ഷ്യമാക്കിയല്ല, കൂട്ടായ്മയുടെ പങ്കുകാരെ ലക്ഷ്യമാക്കിയാണ് - പ്രതികരിക്കുക.

22. കേരളീയ നാടൻ വാദ്യങ്ങളെ പരിചയപ്പെടുത്തുക.

23. അനുഷ്ഠാന കലാരൂപത്തിന്റെ പ്രത്യേകതകൾ പടയണിയെ മുൻനിർത്തി പരിശോധിക്കുക.

**8 x 5 = 40 (പരമാവധി മാർക്ക് 35)**

**III രണ്ടു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

24. മന:ശാസ്ത്രപരമായ വിശകലനത്തിനുള്ള സാധ്യതകൾ ഫോക്‌ലോറിൽ മറ്റ് ഏത് തത്വങ്ങളെക്കാളും ധാരാളമാണ് - ശരിയോ? ചർച്ച ചെയ്യുക

25. സ്വയം പൂർണ്ണവും ക്രമബദ്ധിതവുമായ അനുഷ്ഠാന നാടകമാണ് മുടിയേറ്റ് - വിശകലനം ചെയ്യുക.

26. ഭൗതിക ജീവിതത്തിനുള്ള ഒരു ഉപാധി മാത്രമല്ല, ജനസാമാന്യത്തിന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ തലങ്ങളുമായും ഭക്ഷണത്തിന് ബന്ധമുണ്ട് - പരിശോധിക്കുക.

27. സമൂഹജീവിയായി മനുഷ്യനെ രൂപപ്പെടുത്തുന്നതിൽ നാടൻകളികൾ വഹിക്കുന്ന പങ്കിനെ വിശദീകരിക്കുക.

**2 x 10 = 20**

1B5N21182 (Pages : 2) Reg. No:…………………….

Name: ……………………….

FAROOK COLLEGE (AUTONOMOUS), KOZHIKODE

**Fifth Semester BA Malayalam Degree Examination, November 2021**

**(Open Course)**

**BML5D01 – Chalachithra Padanam**

(2019 Admission onwards)

Time: 2 hours Max. Marks: 60

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.** [2 x 12 = 24 ( പരമാവധി മാർക്ക് 20)]

1. ഷോട്ട് എന്നാൽ എന്ത് ?
2. പഥേർ പാഞ്ചാലിയുടെ പ്രമേയമെന്ത് ?
3. മെട്രിക് മൊണ്ടാഷ് എന്നാൽ എന്ത് ?
4. ചിൽഡ്രൻ ഓഫ് ഹെവൻ - ലഘു കുറിപ്പ് തയ്യാറാക്കുക ?
5. സിനിമോട്ടോഗ്രഫി എന്നാൽ എന്ത് ?
6. ന്യൂ വേവ് സിനിമകൾ - ലഘു കുറിപ്പ് തയ്യാറാക്കുക.
7. 'പെർസിസ്റ്റൻറ് ഓഫ് വിഷൻ' തത്വം എന്ത് ?
8. മലയാളത്തിലെ ആദ്യത്തെ സിനിമ ഏത്? സംവിധായകൻ ആര് ?
9. പേരറിയാത്തവർ - പ്രമേയം വിശദമാക്കുക?
10. ഫീച്ചർ സിനിമ - ലഘു കുറിപ്പ് തയ്യാറാക്കുക.
11. വാസ്തുഹാര എന്ന സിനിമയുടെ മൂലകൃതിയേത് ? എഴുതിയത് ആര് ?
12. അപർണാ സെൻ - ലഘു കുറിപ്പ് തയ്യാറാക്കുക ?

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.** [7 x 5 = 35 (പരമാവധി മാർക്ക് 30)]

13. ഡോക്യുമെൻററി - വിശദമാക്കുക
14. ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ ആസ്വാദനം തയ്യാറാക്കുക
15. ആനിമേഷൻ സിനിമകളെ കുറിച്ച് ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക?
16. ചലച്ചിത്ര നിർമ്മിതിയിൽ അനുകല്പനത്തിനുള്ള പ്രാധാന്യമെന്തെന്ന് ഉദാഹരണങ്ങൾ സഹിതം വിശദമാക്കുക?
17. കളർ ഓഫ് പാരഡൈസ്- കുറിപ്പെഴുതുക?

18. ആദാമിന്റെ മകൻ അബുവിലെ പ്രധാന കഥാപാത്രമായ അബുവിന്റെ സഹജീവികള മായിട്ടുള്ള ബന്ധം വിശദമാക്കുക ?

19. നടൻ നെടുമുടി വേണുവിന്റെ സംഭാവനകൾ എന്തെല്ലാം എന്ന് ചുരുക്കി വിവരിക്കുക ?

**ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക [1 x 10 = 10]**

20. മലയാള സിനിമയുടെ ചരിത്രവും വർത്തമാനവും - ഉപന്യസിക്കുക ?

21. കോവിഡ് മഹാമാരി ചലച്ചിത്ര രംഗത്ത് വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം ? വിശദമാക്കുക.